**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126** **04-02-2026 - ൽ മറുപടിയ്ക്ക്**

**കോളേജുകളുടെയും സർവകലാശാലകളുടെയും അക്രഡിറ്റേഷനും റാങ്കിങ്ങും മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം മുകേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളേജുകളുടെയും സർവകലാശാലകളുടെയും അക്രഡിറ്റേഷനും റാങ്കിങ്ങും മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ദേശീയ അന്തർദേശീയ റാങ്കിംഗിനും അക്രഡിറ്റേഷനും സംസ്ഥാനത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രാപ്തമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF) develop ചെയ്യുകയും, സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) എന്നിവ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ളത്. അക്രഡിറ്റേഷൻ സൂചികകളിൽ മികച്ച റാങ്ക് കരസ്ഥമാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മികച്ച ലബോറട്ടറികൾ സജ്ജീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാനുസൃതമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്ര കരിക്കുലം ഫ്രെയിംവർക്ക് തയ്യാറാക്കി അതിനെ ആധാരമാക്കി വിവിധ വിഷയങ്ങളുടെ സിലബസുകൾ തയ്യാറാക്കി തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ്പ് നികത്താൻ നടപടി സ്വീകരിക്കുകയും പുതിയ പഠനവിഷയങ്ങൾ ആവശ്യം വേണ്ടുന്ന സന്ദർഭങ്ങളിൽ ചേർക്കുകയും കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ പുതിയ കോഴ്സുകൾ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. തൊഴിലധിഷ്ഠിതമായ വിഷയങ്ങൾ സിലബസിൽ ഉൾപ്പെടുത്തുകയും ഇന്നൊവേറ്റീവ് പ്രോഗ്രാമുകൾക്കും ടെക്നോളജിക്കും പ്രാധാന്യം നൽകുകയും ചെയ്തുവരുന്നു. കൂടാതെ, ആധുനിക സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് ക്ലാസ് റൂംസ്, വൈ-ഫൈ കണക്ഷൻ, സെമിനാർ റൂം, ആഡിറ്റോറിയം, ഓപ്പൺ-എയർ തിയേറ്റർ, ഇൻഡോർ-ഔട്ഡോർ സ്പോർട്സ് ആൻഡ് ഗെയിംസ് |

<table>
<tr>
<td></td>
<td></td>
<td></td>
<td>സൗകര്യങ്ങൾ, ഓൺലൈൻ ജേർണൽസ് തുടങ്ങിയവ ഉൾപ്പെടെയുള്ള സൗകര്യങ്ങളും നൽകിവരുന്നു. അഫിലിയേറ്റഡ് കോളേജുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി റാങ്കിംഗ്, അക്രഡിറ്റേഷൻ എന്നിവയിൽ മുന്നോട്ട് കൊണ്ടുവരുന്നതിനായി സർവകലാശാലകൾ Internal Quality Assurance Cell (IQAC) വഴിയും മറ്റ് സംവിധാനങ്ങൾ വഴിയും ആരോഗ്യകരമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. IQAC കളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അക്രഡിറ്റേഷൻ, റാങ്കിങ്ങ് തുടങ്ങിയ പ്രക്രിയകൾ സംബന്ധിച്ച് ആവശ്യമായ പരിശീലനം നൽകുന്നതിനും State Level Quality Assurance Cell (SLQAC) യെ ഒരു സ്വതന്ത്ര സ്ഥാപനമായി രൂപീകരിച്ച് ശാക്തീകരിച്ചിട്ടുണ്ട്. NAAC ഗ്രേഡിങ്ങിലും NIRF റാങ്കിംഗിലും ഉയർന്ന സ്ഥാനങ്ങൾ നേടുന്ന സ്ഥാപനതലത്തിൽ ആദരിക്കുകയും മറ്റ് സ്ഥാപനങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നു. തിരഞ്ഞെടുക്കപ്പെട്ട വിവിധ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസേർച്ച് സെന്റർ, Central Sophisticated Instrumentation Facility എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td>
</tr>
<tr>
<td>(ബി)</td>
<td>മേൽനടപടികളുടെ ഫലമായി റാങ്കിങ്ങിലും അക്രഡിറ്റേഷനിലും നേട്ടങ്ങൾ കൈവരിച്ച സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദവിവരം നൽകാമോ;</td>
<td>(ബി)</td>
<td>2025 ലെ എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ സംസ്ഥാനത്തെ 3 സർവ്വകലാശാലകളും 18 കോളേജുകളും ആദ്യത്തെ 100 ൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (NAAC) അംഗീകാര പരിശോധനയിൽ ഉയർന്ന ഗ്രേഡുകൾ ലഭിച്ച കേരളത്തിലെ സർവ്വകലാശാലകൾ<br><br>
<table>
<tr><th>സർവ്വകലാശാല</th><th>ഗ്രേഡ്</th><th>സ്കോർ</th></tr>
<tr><td>കേരള യൂണിവേഴ്സിറ്റി</td><td>A++</td><td>3.67</td></tr>
<tr><td>മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി</td><td>A++</td><td>3.61</td></tr>
<tr><td>കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി</td><td>A+</td><td>3.39</td></tr>
<tr><td>കാലിക്കറ്റ് യൂണിവേഴ്സിറ്റി</td><td>A+</td><td>3.45</td></tr>
<tr><td>ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ്</td><td>A+</td><td>3.37</td></tr>
<tr><td>കണ്ണൂർ യൂണിവേഴ്സിറ്റി</td><td>B++</td><td>2.85</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| (സി) | കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ്ങ് ഫ്രെയിംവർക്കും സംസ്ഥാനതല ഉന്നത വിദ്യാഭ്യാസ സർവേയും ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവന്ന മാറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗവേഷണ നിലവാരം, അദ്ധ്യാപന ഗുണമേന്മ എന്നിവ മെച്ചപ്പെടുത്താനും മികച്ച വിദ്യാഭ്യാസ സാധ്യതകൾ തേടുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉചിതമായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിനും രൂപീകരിച്ചിട്ടുള്ള കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF). സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇതിലൂടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗിൽ പങ്കെടുക്കാൻ സജ്ജമാക്കുകയാണ്. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഹയർ എഡ്യൂക്കേഷൻ എംപവർമെന്റ് ഇംപ്ലിമെന്റേഷൻ പ്ലാൻ പ്രോജക്ടിന്റെ ഭാഗമായാണ് KIRF നിലവിൽ വന്നിട്ടുള്ളത്. ദേശീയ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിനെ അടിസ്ഥാനമാക്കി രൂപകൽപ്പന ചെയ്തിട്ടുള്ളതിനൊപ്പം സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളായ ശാസ്ത്രീയ മനോഭാവവും മതേതര കാഴ്ചപ്പാടും (Scientific Temper and Secular Outlook - STSO) ഹരിത സാങ്കേതിക വിദ്യയുടെ ഉപയോഗം (Adoption of Green Technology - GT) ആദ്യതലമുറ പഠിതാക്കൾ (First Generation Learners - FGL) തുടങ്ങിയവയും KIRF-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2024 ഡിസംബറിൽ KIRF ആദ്യ എഡിഷൻ റാങ്കിംഗ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. KIRF ലൂടെ സംസ്ഥാനാധിഷ്ഠിത വിലയിരുത്തൽ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിച്ചു. കൂടാതെ KIRF സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ദേശീയ-അന്തർദേശീയ റാങ്കിംഗിനുള്ള തയ്യാറെടുപ്പിന് സജ്ജമാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനതല ഉന്നത വിദ്യാഭ്യാസ സർവേ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിശദമായ വിവരശേഖരണത്തിന് സഹായിച്ചിട്ടുണ്ട്. ഡേറ്റാ അടിസ്ഥാനമാക്കിയുള്ള നയരൂപീകരണത്തിന് ടി റിപ്പോർട്ടുകൾ ഏറെ സഹായകരമാണ്. All Kerala Higher Education Survey Report 2020, All Kerala Higher Education Survey Report 2022 എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2025 ലെ എൻ.ഐ.ആർ.എഫ് റാങ്കിംഗ് സംബന്ധിച്ച വിവരം**

| NIRF 2025 | | |
|---|---|---|
| ക്രമ നമ്പർ | സർവ്വകലാശാല | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | കേരള സർവ്വകലാശാല | 42 |
| 2 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി | 50 |
| 3 | മഹാത്മാഗാന്ധി സർവ്വകലാശാല | 79 |

| NIRF 2025 | | |
|---|---|---|
| ക്രമ നമ്പർ | കോളേജുകൾ | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം | 12 |
| 2 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | 23 |
| 3 | സാക്രട്ട് ഹാർട്ട് കോളേജ്, എറണാകുളം | 44 |
| 4 | സെന്റ് തോമസ് കോളേജ്, തൃശ്ശൂർ | 53 |
| 5 | ഗവൺമെന്റ് കോളേജ് ഫോർ വിമൺ, തിരുവനന്തപുരം | 54 |
| 6 | എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി | 56 |
| 7 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം | 60 |
| 8 | മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം | 61 |
| 9 | സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി | 74 |
| 10 | മഹാരാജാസ് കോളേജ്, എറണാകുളം | 75 |
| 11 | വിമല കോളേജ്, തൃശൂർ | 78 |
| 12 | ഫറൂഖ് കോളേജ്, കോഴിക്കോട് | 82 |
| 13 | സെന്റ് ജോസഫ്സ് കോളേജ്, തൃശൂർ | 83 |
| 14 | സി.എം.എസ് കോളേജ്, കോട്ടയം | 86 |
| 15 | ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട | 87 |
| 16 | മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം | 92 |
| 17 | യൂണിയൻ ക്രിസ്ത്യൻ കോളേജ്, എറണാകുളം | 96 |
| 18 | ഗവൺമെന്റ് കോളേജ്, ആറ്റിങ്ങൽ | 99 |

സെക്ഷൻ ഓഫീസർ